"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - പുത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ജയകൃഷ്ണനെതിരായ അച്ചടക്ക നടപടി -1960 ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.448/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/02/2021

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.11.2014 ലെ ഇ8(എസ്.സി47/2014/ TSR) 5890/2014 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 31.12.2014 ലെ 15335/ഡി3/ 2014/ വിജി നമ്പർ കത്ത്

3 സർക്കാരിന്റെ 16.12.2015 ലെ 19/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം

4 പഞ്ചായത്ത് ഡയറക്ടറുടെ 21/07/2019 ലെ PAN/1704/2019-D7(DP) നമ്പർ കത്ത്

5 സർക്കാരിന്റെ 16.12.2020 ലെ 19/ഇപിബി3/2015/തസ്വഭവ നമ്പർകത്ത്

**ഉത്തരവ്**

പദ്ധതി നിർവഹണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചയത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ശ്രീ.സി സുധാകരനെതിരെ ലഘു ശിക്ഷക്കുള്ള കുറ്റപത്രവും ശ്രീ ജയകൃഷ്ണനെതിരെ പരാമർശം (3) പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രവും നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റപത്രത്തിനു ശ്രീ ജയകൃഷ്ണൻ നാളിതുവരെ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടില്ലെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ജയകൃഷ്ണന്റെ എതിർവാദപത്രിക നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ ടിയാന് ഒന്നും ബോധിപ്പിക്കാനില്ല എന്ന അനുമാനത്തിൽ തുടർ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ള വിവരം ടിയാനെ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ ജയകൃഷ്ണനെതിരെ കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ടിയാനെതിരെ അച്ചടക്ക നടപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ.ജയകൃഷ്ണനെതിരായ ആരോപണങ്ങളിന്മേൽ 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

File No.LSGD-EPB3/19/2015-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , തൃശ്ശൂർ
( പരാമർശം1,3,5എന്നിവയുടെ പകർപ്പുകൾ സഹിതം)
2. ശ്രീ.ജയകൃഷ്ണൻ, മുൻ സെക്രട്ടറി,പുത്തൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ട് ജനറൽ (എ & ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SUDHEER S
Date: 2021.02.17 15:37:26 IST
Reason: Approved
സെക്ഷൻ ഓഫീസർ